**DEEPIKA**

**Administrative sanction for fresh water supply in Kovalam: Minister**

Date: **14-03-2012** | Edition: **Tvm** | Page No: **2** | Clip size (cm) - W: **8** H: **7.5**

# ടൂറിസം വകുപ്പിന്റെ കോവളം ശുദ്ധജല വിതരണ പദ്ധതിക്ക് ഭരണാനുമതി: മന്ത്രി

**തിരുവനന്തപുരം:** രാജ്യാന്തര ടൂറിസം കേന്ദ്രമായ കോവളവും സമീപപ്രദേശങ്ങളും അഭിമുഖീകരിക്കുന്ന രൂക്ഷമായ ശുദ്ധജലക്ഷാമത്തിന് പരിഹാരമായി ടൂറിസം വകുപ്പ് നടപ്പാക്കുന്ന ജലവിതരണ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചതായി മന്ത്രി എ.പി. അനിൽകുമാർ അറിയിച്ചു. 15 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിക്ക് 14 കോടി രൂപ ടൂറിസം വകുപ്പും ഒരുകോടി രൂപ തിരുവനന്തപുരം കോർപറേഷനും നൽകും.

വിഴിഞ്ഞം പഞ്ചായത്തിലെ അഞ്ചും വെങ്ങാന്നൂർ പഞ്ചായത്തിലെ എട്ടും വാർഡുകൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ടൂറിസം വകുപ്പിനുവേണ്ടി സംസ്ഥാന ജല അതോറിറ്റിയാണ് പദ്ധതി നിർവഹിക്കുക. ഒരുവർഷം കൊണ്ട് പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

സംസ്ഥാനത്തിന്റെ ടൂറിസം വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കുകയെന്ന ടൂറിസം നയത്തിന്റെ ഭാഗമായി വകുപ്പ് നടപ്പാക്കുന്ന ബൃഹത്തായ അടിസ്ഥാന സൗകര്യ വികസന പദ്ധതിയാണിതെന്ന് മന്ത്രി പറഞ്ഞു.